പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2632

12.02.2019 ൽ മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണം

| ചോദ്യം<br>ശ്രീ.റ്റി.വി.രാജേഷ് | | മറുപടി<br>അഡ്വ.കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കണ്ണൂർ ജില്ലയിലെ ആകെ വനാതിർത്തി എത്രയാണ് എന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ ജില്ലയിലെ ആകെ വനാതിർത്തി 503.35കി.മി ആണ് (അന്തർ സംസ്ഥാന വനാതിർത്തി ഉൾപ്പെടെ) |
| (ബി) | വനാതിർത്തിയിൽ വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായ എത്ര സ്ഥലങ്ങളിൽ സോളാർ വേലി കെട്ടിയിട്ടുണ്ട്; സോളാർ വേലി കെട്ടുന്നതിന് കിലോമീറ്ററിന് എത്ര തുക ചെലവ് വരുമെന്ന് അറിയിക്കുമോ; | (ബി) | വനാതിർത്തിയിൽ വന്യമൃഗങ്ങളുടെ ആക്രമണം രൂക്ഷമായ താഴെ പറയുന്ന സ്ഥലങ്ങളിൽ സോളാർ വേലി കെട്ടിയിട്ടുണ്ട്. |

| റെയിഞ്ച് | പ്രദേശം | ദൂരം (കി മീ) |
|---|---|---|
| തളിപ്പറമ്പ് | മാമ്പൊയിൽ-നമ്പ്യാർമല | 8 |
| | ചീക്കാട് കോളനി | 1 |
| | വഞ്ചിയം-കാഞ്ഞിരക്കൊല്ലി | 4 |
| | മഞ്ഞപ്പുല്ല്-വൈതൽക്കുണ്ട് | 4 |
| | പീടികക്കുന്ന്-മാട്ടറ | 6 |
| | മൂന്നാംകുപ്പ്-വഞ്ചിയം | 4 |
| | ഊരാട്-പൊട്ടൻപ്ലാവ് | 4 |
| കൊട്ടിയൂർ | വാളത്തോട്-എടപ്പുഴ | 10 |
| | ശാന്തിഗിരി | 2 |
| | ചപ്പമല | 2 |
| | നെല്ലിയോടി | 6 |
| | പൊട്ടൻതോട് | 4 |
| | കുനംപള്ള | 2 |
| | ഏലപ്പീടിക | 7.5 |
| | പരിപ്പുതോട് | 4 |
| | അമ്പായത്തോട് | 8.5 |
| | പന്നിയാംമല | 0.80 |
| | കരിയിൽ-ഉടിമരം | 3.80 |
| ആറളം | പരിപ്പുതോട്-55 ഏരിയവരെ | 2 |
| | ഉരുപ്പുകുന്ന്-പരിപ്പുതോട് വരെ | 2 |
| | പൂക്കുണ്ട്-നരിക്കടവ് വരെ | 2 |
| | പടത്തിപ്പാറ-കരിയംകാപ്പ് വരെ | 2 |
| | തുള്ളൻപാറ-നരിക്കടവ് വരെ | 2 |
| | വളയംചാൽ-തുള്ളൻപാറ വരെ | 1 |
| | ആകെ | 92.6 കി.മീ |

1 കി.മീ സോളാർ വേലി നിർമ്മിക്കുന്നതിന് 185500/- രൂപ ചെലവ് വരും.

| | | | |
|---|---|---|---|
| (സി) | കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ കാട്ടുപോത്ത്, പുലി തുടങ്ങിയ വന്യമൃഗങ്ങളെ കാണാനിടയായത് കണക്കിലെടുത്ത് അവിടുത്തെ ജനങ്ങളുടെ ഭീതി അകറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) | കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമ പഞ്ചായത്തിൽ കാട്ടുപോത്തിന്റെ സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിരുന്നുവെങ്കിലും നിലവിൽ ടി പ്രദേശങ്ങളിൽ കാട്ടുപോത്ത് ഒന്നുംതന്നെ ഇല്ല എന്നതിനാൽ അതുമായി ബന്ധപ്പെട്ട പരാതി കഴിഞ്ഞ ആറ് മാസത്തോളമായി ലഭിച്ചിട്ടില്ല. ടി പ്രദേശങ്ങളിൽ അടുത്തിടയായി പുലി ഇറങ്ങിയതുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചതിൽ വനം വകുപ്പ് ജീവനക്കാർ നേരിട്ട് ജനങ്ങളോടൊപ്പം പരിശോധന നടത്തിയിരുന്നുവെങ്കിലും പുലിയുടെ കാൽപാടോ സാന്നിദ്ധ്യമോ സ്ഥിരീകരിക്കുവാൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും പരാതി ലഭിക്കുന്ന മുറയ്ക്ക് പ്രദേശങ്ങളിൽ വനം വകുപ്പ് ജീവനക്കാർ പരിശോധന നടത്തുകയും പ്രത്യേകിച്ച് രാത്രികാല പരിശോധനയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | വന്യ ജീവികളുടെ ആക്രമണം മൂലം കൃഷിനാശം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | വന്യജീവികളുടെ ആക്രമംണമൂലം കൃഷിനാശം സംഭവിച്ച കൃഷിക്കാരിൽ നിന്ന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് പരിശോധന നടത്തി നഷ്ടപരിഹാരം നിർണ്ണയിച്ച് ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി നഷ്ടപരിഹാരം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ